KERALA POLICE INFORMATION CENTRE
Ph: 0471 2318188     Email: *info.pol@kerala.gov.in*

No.130/PR/PIC/PHQ/14                                                    Date : 25.06.2014

---

## മെമ്മറി കാർഡിൽ സിനിമകൾ കോപ്പി ചെയ്തുകൊടുക്കുന്ന ആൾ ആന്റിപൈറസി സെല്ലിന്റെ പിടിയിൽ

"ദൃശ്യം" ഉൾപ്പെടെയുള്ള 70ഓളം പുതിയ മലയാള സിനിമകൾ കംപ്യൂട്ടറിൽ ശേഖരിച്ച് മെമ്മറി കാർഡിലും പെൻഡ്രൈവിലും കോപ്പി ചെയ്ത് വിൽപന നടത്തിവന്ന നെടുമങ്ങാട്, കൊപ്പം, അരശുപറമ്പ് റാഫി മൻസിലിൽ ഷറഫുദ്ദീൻ ആന്റിപൈറസി സെല്ലിന്റെ പിടിയിലായി. നെടുമങ്ങാട് സൂര്യാ റോഡിൽ "എൻ.എസ്.മൊബൈൽസ്" എന്ന സ്ഥാപനത്തിൽ നിന്നാണ് ഇയാളെ പിടികൂടിയത്. ആന്റിപൈറസി സെൽ പോലീസ് സൂപ്രണ്ട് ബി.വർഗീസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് എസ്.റഫീക്ക്, എസ്.ഐ.അനൂപ് ആർ ചന്ദ്രൻ, എ.എസ്.ഐമാരായ മണികണ്ഠൻ, അസീം, സി.പി.ഒ ഷാൻ എന്നിവരും നെടുമങ്ങാട് പോലീസും ചേർന്നാണ് പ്രതിയെ പിടികൂടിയത്. സിനിമകൾ ശേഖരിച്ച് വച്ചിട്ടുള്ള കംപ്യൂട്ടർ, മൂന്ന് കാർഡ് റീഡറുകൽ എന്നിവ ഇയാളിൽ നിന്നും പിടിച്ചെടുത്തു. നെടുമങ്ങാട് പോലീസ് കേസെടുത്തു.

*************